ഒരു ദിവസം ആയിരം ബീഡി നിർമ്മിക്കുവാൻ സാധിക്കുകയില്ല. അത്തരത്തിൽ ഒരു ബീഡി തൊഴിലാളിക്ക് 30 രൂപ കൂലിയും 31.21 രൂപ ഡി.എ.യും ചേർത്താൽ 61.21 രൂപയാണ് വരിക. വളരെ തുച്ഛമായ കൂലിയാണ് ലഭിക്കുന്നത്. നമ്മുടെ നാട്ടിലെ കർഷകത്തൊഴിലാളികൾക്കു പോലും ഒരു ദിവസം 120 രൂപ കൂലി ലഭിക്കുന്നുണ്ട്. ഈ മിനിമം വേതനം പുതുക്കുവാൻ വേണ്ടി എട്ടുമാസം മുൻപ് നോട്ടിഫിക്കേഷൻ വന്നിട്ടും അതിന്റെ കരട് മാത്രമേ ആയിട്ടുള്ളു. തൊഴിലാളികളൊക്കെ ആക്ഷേപം ബോധിപ്പിച്ചിട്ടും ഇതേവരെ മിനിമം വേതനം പുതുക്കിയിട്ടില്ല. അടിയന്തിരമായി മിനിമം വേതനം പുതുക്കണം. അവരുടെ ക്ഷേമനിധിയിലേക്ക് രജിസ്ട്രേഷൻ ലഭിക്കുവാൻ സഹകരണമേഖലയിലും സംഘടിത മേഖലയിലും സാധിക്കുന്നു. പക്ഷേ, അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനു ധാരാളം വിഷമങ്ങളുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് മിനിമം വേതനം അടിയന്തിരമായി പുതുക്കണം. അതുപോലെ അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്ക് ഇന്നുള്ള വിഷമം തീർക്കണമെന്നതാണ് ഞാൻ ഉന്നയിക്കുന്നത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, 1993-ലെ സർക്കാർ ഉത്തരവു പ്രകാരം കേരളത്തിലെ ബീഡി, സിഗാർ വ്യവസായികളുടെ കുറഞ്ഞകൂലി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു. അതനുസരിച്ച് പ്രസ്തുത മേഖലയിലെ മിനിമം വേതനം പുതുക്കുന്നതിനുവേണ്ടി 9-6-1999-ൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. പ്രാഥമിക വിജ്ഞാപനത്തിന്മേൽ സർക്കാരിന് ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും മിനിമം വേജസ് ആക്ടിലെ സെക്ഷൻ 5(2) പ്രകാരം മിനിമം വേജസ് ഉപദേശക സമിതിയുടെ അഭിപ്രായത്തിനായി 11-10-1999-ൽ അയച്ചുകൊടുക്കുകയുണ്ടായി. മിനിമം വേതന ഉപദേശകസമിതിയുടെ അഭിപ്രായം ഇക്കാര്യത്തിൽ ലഭിച്ചാലുടനെതന്നെ ബീഡി-സിഗാർ വ്യവസായത്തിലെ കുറഞ്ഞ കൂലി പുതുക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മറ്റൊരു കാര്യം അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ രജിസ്ട്രേഷൻ ക്ഷേമനിധി ബോർഡിൽ-ഇത് പരിശോധിക്കുന്നതാണ്.

(13) കാട്ടാക്കട-കുളത്തുമ്മൽ റൂറൽ വാട്ടർസപ്ലൈ സ്കീം കമ്മീഷൻ ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. ജി. കാർത്തികേയൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ കാട്ടാക്കട പഞ്ചായത്തിലെ കുളത്തുമ്മൽ വില്ലേജിലെ റൂറൽ വാട്ടർ സപ്ലൈ സ്കീം, 1994-ൽ അന്നത്തെ മന്ത്രി ശ്രീ. ടി.എം. ജേക്കബാണ് തറക്കല്ലിട്ടത്. വെൽ-കം- പമ്പ് ഹൗസിന്റെയും ടാങ്കിന്റെയും പണി തീർന്നിട്ട് വർഷങ്ങളായി. പമ്പ് ഹൗസിൽ ഇതുവരെ പമ്പ് ഫിറ്റ് ചെയ്തിട്ടില്ല. ഇലക്ട്രിക് കണക്ഷൻ കിട്ടിയിട്ടില്ല. പമ്പിംഗ് മെയിനിന്റേയും ഡിസ്ട്രിബ്യൂണൽ ലൈനിന്റെയും പുതിയ ടെണ്ടർ വിളിച്ചിട്ടുണ്ട്. 1994-ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചതാണ്. പുതിയ എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ പണി വീണ്ടും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇത് 31-3-2000-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. പക്ഷേ, ഇനി ഒരു മാസം മാത്രമേയുള്ളു. ഇനിയും രണ്ടുമൂന്നു മാസം കൂടി വേണ്ടിവരുമെന്നാണ് അറിയുന്നത്. എനിക്കിവിടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് 31-3-2000-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല, അത് പ്രായോഗികമല്ല. 3 മാസത്തിനുള്ളിലെങ്കിലും സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കാട്ടാക്കട പഞ്ചായത്തിലുള്ള 21,768 പേർക്ക് ശുദ്ധജലം ലഭ്യമാക്കാൻവേണ്ടി 1994-ൽ രൂപം നൽകിയതാണ് കുളത്തുമ്മൽ വില്ലേജിനുവേണ്ടിയുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി. ഈ പദ്ധതിക്ക് 66 ലക്ഷം രൂപ അടങ്കൽ തുക വരും. ഉറവിടമായി നെയ്യാർ നദിയാണ് തെരഞ്ഞെടുത്തത്. കിണറും പമ്പുഹൗസും തമ്മിൽ ഇൻഫിൽട്രേഷൻ ഗ്യാലറിയിൽകൂടി ജലം ശുദ്ധീകരിച്ച് 4420 മീ. അകലെയുള്ള 2,27,000 ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയിൽ ശേഖരിച്ച് 17,969 മീറ്റർ വരുന്ന വിതരണശൃംഖല വഴി വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻടേക്ക് വെല്ലിന്റെയും വെൽ-കം-പമ്പ് ഹൗസിന്റെയും ഇൻഫിൽട്രേഷൻ ഗ്യാലറിയുടെയും ഭൂതലസംഭരണിയുടെയും പണി പൂർത്തിയായി. പമ്പിംഗ് മെയിനിന്റേയും വിതരണ ശൃംഖലയുടെയും പണികളും കിണറിന്റെ സംരക്ഷണ ജോലികളും തുടങ്ങിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിനു വേണ്ടി 7 ലക്ഷം രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കു കയും ചെയ്തു. ഈ പദ്ധതി 2000-ലെ ആറാം മാസത്തിൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതിനുള്ള നടപടി ദ്രുതഗതിയിൽ നടക്കുന്നു. പോരായ്മയുണ്ടെങ്കിൽ ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്.

(14) വൈപ്പിൻ-പടിഞ്ഞാറൻ കൊച്ചി മേഖലയിൽ ഹഡ്കോ കുടിവെള്ള പദ്ധതി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത

ഡോ. എം. എ. കുട്ടപ്പൻ: സർ, വൈപ്പിനിലേയും കൊച്ചിയിലേയും കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത മനസ്സിലാക്കിയ ശ്രീ. കെ. ബാബുവിനും എനിക്കും ഈ വിഷയം ഈ സഭയിൽ ഉന്നയിക്കാൻ അവസരം തന്നതിൽ അങ്ങയോട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ രൂക്ഷത ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പല പ്രാവശ്യം കണ്ട് ബോധ്യപ്പെട്ടതാണ്. പക്ഷേ, വിഷയം നാം നിശ്ചയിച്ചതിനേക്കാൾ ഏറെ ഈ പണി നീണ്ടുപോകുകയാണ്. ഹഡ്കോ പദ്ധതിയുടെ വൈപ്പിൻ ഘടകം അങ്ങയുടെ മുൻഗാമിയായ മന്ത്രി ബേബിജോൺ ഉറപ്പുതന്നതിന്റെ അടിസ്ഥാനത്തിൽ 1998 ആഗസ്റ്റിൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഹഡ്കോയുടെ എല്ലാ പദ്ധതികളും 1999 ഫെബ്രുവരിയിൽ പൂർത്തിയാക്കേണ്ടതായിരുന്നു. രേഖ എന്റെ കൈവശമുണ്ട്. പക്ഷേ, ഇത് ഒച്ച് ഇഴയുന്ന വേഗത്തിലാണ്, നീങ്ങുന്നതേയില്ല. വളരെയേറെ ബുദ്ധിമുട്ടിലാണ്. അതുകൊണ്ട് അവിടുത്തെ ജനങ്ങൾ വളരെയേറെ പ്രക്ഷുബ്ധാവസ്ഥയിലാണ്. ഒരിക്കൽ മന്ത്രി തന്നെ നേരിൽക്കണ്ട് ബോദ്ധ്യപ്പെട്ടതാണ്. ഞാൻ ഇത് ദിവസവും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കഴിയുന്നത്ര നേരത്തേ പണി പൂർത്തിയാക്കണം. ഹഡ്കോ പദ്ധതി കഴിഞ്ഞ 1998-ൽ പൂർത്തിയാക്കേണ്ടതാണ്. ഇപ്പോൾ വടുതല ടാങ്ക് മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആലുവയിലെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായിട്ടുണ്ട്. കായലിലൂടെയുള്ള എച്ച്.ഡി.പി. പൈപ്പ് ഇട്ടുകൊണ്ടിരിക്കുകയാണ്. പിന്നെ ഒരു പണിയും എങ്ങും എത്തിയിട്ടില്ല. ഉദാഹരണമായി സ്റ്റീൽ പൈപ്പ് ഇടാൻ വേണ്ടിയുള്ള മൊത്തം ചെലവ് 1.3 കോടി രൂപയാണ്; പക്ഷേ, സ്റ്റീൽ പൈപ്പ് ഇടുന്നതിനു വേണ്ടി റോഡ് വെട്ടിപ്പൊളിക്കുമ്പോൾ restoration-ന് വേണ്ടിയുള്ള മൊത്തം ചെലവ് 2,54,00,000 രൂപയാണ്. എത്രയാണോ പൈപ്പിടാൻ വേണ്ടിയുള്ള ചെലവ് അതിനെക്കാൾ ഏറെയാണ് Road restoration-ന് വേണ്ടി വരുന്നത്. ആ സാംഗ്ഷൻ ഇതുവരെ കിട്ടിയിട്ടില്ല. ഈ ഒരൊറ്റ കാരണം കൊണ്ടുതന്നെ മാസങ്ങൾ നീണ്ടുപോകുകയാണ്. അതുകൊണ്ട് ദയവായി പൊതുമരാമത്തുവകുപ്പുമന്ത്രി ബന്ധപ്പെട്ട് രണ്ടര വർഷം മുൻപ് വാങ്ങിയ സ്റ്റീൽ പൈപ്പ് ലേ ചെയ്ത് ഈ വർക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി അടിയന്തിര നടപടി അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

890/2010.

LIBRARY ARCHIVES Kerala Legislative Assembly